# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 741 | 10.02.2016 -ൽ മറുപടിക്ക്

## ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ :

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ വന്നതിന് ശേഷം ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മുന്തിയ പരിഗണനയാണ് ആരോഗ്യവകുപ്പ് നൽകി വരുന്നത്. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരെ നിയമിക്കൽ, ചികിത്സയ്ക്ക് ആവശ്യമായ മരുന്നും സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനും പ്രത്യേക പ്രാധാന്യം നൽകി വരുന്നുണ്ട്.

2013-ൽ അട്ടപ്പാടി മേഖലയിൽ കൂടുതലായി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ എൻ.എച്ച്.എം-ന്റെ ഭാഗമായി പ്രത്യേക അട്ടപ്പാടി പാക്കേജ് ആയി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അട്ടപ്പാടി ബ്ലോക്കിലെ ആരോഗ്യ സ്ഥാപനങ്ങളിലായി ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഈ മേഖലയിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ലഭ്യത ഉറപ്പു വരുത്താൻ ഡോക്ടർമാർക്ക് പ്രതിമാസം 20,000/- രൂപയും മറ്റ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% പ്രതിമാസം അധിക തുകയായി അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഭാഗമായി നടന്നു വന്നിരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമെ സംസ്ഥാനത്ത് പുതിയ മൊബൈൽ യൂണിറ്റുകൾ എൻ.എച്ച്.എം-ൽ ഉൾപ്പെടുത്തി ആരംഭിക്കുകയുണ്ടായി. കെ.എം.എസ്.സി.എൽ വഴിയും ഇത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(.....2)

കണ്ണൂർ ജില്ലയിലെ ആറളം ഫാമിലും, ഇടുക്കി, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലെ ആദിവാസി മേഖലകളിലും പുതിയ പി.എച്ച്.സി കൾ തുടങ്ങുകയുണ്ടായി. ഈ മേഖലകളിൽ ചില ആരോഗ്യ സ്ഥാപന ങ്ങളുടെ പദവി ഉയർത്തുകയുണ്ടായി.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സ യ്ക്ക് അധികമായി വേണ്ടി വരുന്ന ചെലവു കൾ വഹിക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമായി ചേർന്ന് തുടർന്നുവരുന്നു. ആദിവാസി വിഭാഗ ങ്ങൾക്കിടയിൽ സിക്കിൾസെൽ അനീമിയ രോഗം കണ്ടുവരുന്ന വയനാട്, അട്ടപ്പാടി, നിലമ്പൂർ മേഖലകളിൽ ഇതിനുള്ള പ്രത്യേകം പ്രോജക്ടും എൻ.എച്ച്.എം. സഹായ ത്തോടെ നടന്നുവരുന്നു.

അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാ ലിറ്റി ആശുപത്രിക്ക് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ ഒരു നില പണിയാൻ മൂന്ന് കോടി രൂപ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചു. 99,92,229/- രൂപ ആശുപത്രി ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങുന്നതിലേയ്ക്കായി കെ.എം.എസ്. സി.എൽ -ന് കൈമാറിയിട്ടുണ്ട്. വയനാട് ജില്ലയിൽ വനമേഖലയുമായി ബന്ധപ്പെട്ട ആദിവാസി മേഖലയിൽ കുരങ്ങുപനി (കെ.എഫ്.ഡി) റിപ്പോർട്ട് ചെയ്ത സാഹ ചര്യത്തിൽ ഈ രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി പ്രത്യേക പ്രവർത്തന ങ്ങൾ ഈ മേഖലയിൽ നടത്തിവരുന്നു. എൻ.എച്ച്.എം മുഖേനയും, പട്ടികവർഗ്ഗ വകുപ്പ് വഴിയും നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഓരോ പദ്ധതിക്കും നീക്കി വച്ച തുകയും ചിലവഴിച്ച തുകയും വ്യക്തമാക്കുമോ ;

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആദിവാസി മേഖലകളിൽ എത്ര പുതിയ ആശുപത്രികൾ ആരംഭിച്ചു ; എവിടെ യെല്ലാം വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെപ്പറയുന്ന ജില്ലകളിലെ ആദിവാസി മേഖലകളിൽ പുതിയതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചി ട്ടുണ്ട്.

1. കോട്ടയം ജില്ലയിലെ കോരുത്തോട് പി.എച്ച്.സി.

2. ഇടുക്കി ജില്ലയിലെ ചട്ടമൂന്നാർ പി.എച്ച്.സി, ഇടമലക്കുടി പി.എച്ച്.സി.

   (ടി പി.എച്ച്.സി. കൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല).

   തൊടുപുഴ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

3. വയനാട് ജില്ലയിലെ മൂപ്പൈനാട് പി.എച്ച്.സി, വാളാട് പി.എച്ച്.സി (വാളാട് പി.എച്ച്.സി അനുവദിച്ച് ഉത്തരവായത് 30.12.2015-ലെ സ.ഉ.(എം.എസ്) നം. 302/2015/ആ.കു.വ. പ്രകാരമാണ്. സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല.
4. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പി.എച്ച്.സി.
5. കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ ഒരു പി.എച്ച്.സി.യും ഒരു മൊബൈൽ ട്രൈബൽ യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മേഖലകളിലെ ഏതെല്ലാം ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു ; എവിടെയെല്ലാം പുതിയ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചു ;

(ഡി)
1. പത്തനംതിട്ട ജില്ലയിലെ ചിറ്റാർ പി.എച്ച്.സി-യെ സി.എച്ച്.സി-യായി അപ്ഗ്രേഡ് ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.
2. ഇടുക്കി ജില്ലയിൽ കട്ടപ്പന സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. താഴെപ്പറയുന്ന തസ്തികകൾ പുതിയതായി സൃഷ്ടിച്ചു.

| | | | |
|---|---|---|---|
| 1. | അസിസ്റ്റന്റ് ഡയറക്ടർ /സൂപ്രണ്ട് | - | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | - | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 2 |
| 4. | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്) | - | 1 |
| 5. | ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) | - | 1 |
| 6. | സ്റ്റാഫ് നേഴ്സ് ഗ്രേഡ് II | - | 3 |
| 7. | ഫാർമസിസ്റ്റ് ഗ്രേഡ് II | - | 1 |
| 8. | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | - | 1 |
| 9. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | - | 3 |
| 10. | ലേ സെക്രട്ടറി & ട്രഷറർ | - | 1 |
| 11. | ക്ലാർക്ക് | - | 1 |
| | ആകെ | - | 16 |

(.....4)

3. മലപ്പുറം ജില്ലയിലെ ആദിവാസി മേഖലയിലെ ഊർങ്ങാട്ടിരി പി.എച്ച്.സി -യെ സി.എച്ച്.സി-യായി അപ്ഗ്രേഡ് ചെയ്തു. താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചു .

| | | | |
|---|---|---|---|
| 1. | സിവിൽ സർജൻ | - | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | - | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| 4. | അസിസ്റ്റന്റ് സർജൻ | - | 2 |
| 5. | സ്റ്റാഫ് നേഴ്സ് | - | 2 |
| 6. | നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| 7. | ഹോസ്പിറ്റൽ അറ്റൻഡന്റ് | - | 1 |
| | ആകെ | - | 10 |

കോഴിക്കോട് ജില്ലയിലെ ആദിവാസി മേഖലകളിലെ കോടഞ്ചേരി പി.എച്ച്.സി. യെ സി.എച്ച്.സി-യായും, ബാലുശ്ശേരി സി.എച്ച്. സി-യെ താലൂക്കാശുപത്രിയായും അപ്ഗ്രേഡ് ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഇ) ആദിവാസി മേഖലകളിലെ ആശുപത്രികളിൽ ചികിത്സാ പിഴവ്, ചികിത്സാ സൗകര്യങ്ങളുടെ കുറവ്, ആശുപത്രി അധികൃതരുടെ അനാസ്ഥ എന്നിവ മൂലം കുട്ടികൾ അടക്കമുള്ള ആദിവാസികൾ മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഇ) വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രസവ സംബന്ധമായ ചികിത്സയ്ക്കായി 02.09.2015-ന് രാവിലെ പ്രവേശിപ്പിക്കപ്പെട്ട അനിത എന്ന ആദിവാസി യുവതിയെ മതിയായ ചികിത്സാ സൗകര്യമില്ലായെന്ന കാരണം പറഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും മേൽ രോഗി കോഴിക്കോട് മെഡിക്കൽ കോളേജിലേക്കുള്ള യാത്രയ്ക്കിടയിൽ പ്രസവിക്കാനിടയാവുകയും തുടർന്ന് 3 നവജാത ശിശുക്കളും മരിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്.

ടി സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ മാനന്തവാടി ജില്ലാ ആശുപത്രിയിലെ ഡോ.സുഷമ.സി.കെ (ജൂനിയർ കൺസൾട്ടന്റ് - ഗൈനക്കോളജി), ഡോ. അഖിൽ ആർ. നമ്പ്യാർ (അസിസ്റ്റന്റ് സർജൻ), ശ്രീമതി. കെ.കെ.ശോഭന (സ്റ്റാഫ് നേഴ്സ് ഗ്രേഡ് -I) എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. ഡോ. സുഷമ. സി.കെ -യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. ഡോ. അഖിൽ ആർ. നമ്പ്യാർ, ശ്രീമതി. കെ.കെ.ശോഭന എന്നിവർക്ക് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

P [signature]

സെക്ഷൻ ഓഫീസർ